**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്,**
**തിരുവനന്തപുരം - 14**

.................

**വിഷയം :-** ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - അക്കൗണ്ട്സ് - 2017-18 പ്ലാൻ ഫണ്ട് മുഖാന്തിരം വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിലും കോട്ടയം ഇ.എസ്.ഐ ഡിസ്പെൻസറിയിലും കാട് വെട്ടിത്തെളിക്കുന്നതിനുള്ള ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

**പരാമർശം :-** 1) 11.10.2017-ലെ ജി1-6378/2017 ഇ.എസ്.ഐ ആശുപത്രി, വടവാതൂരിന്റെ കത്ത്.

....................

**ഉത്തരവ് നമ്പർ – എഫ് 4-9728/2017/ഡി.ഐ.എം.എസ് തീയതി, 24.10.2017**

2017-18 പ്ലാൻ ഫണ്ട് മുഖാന്തിരം വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിലും കോട്ടയം ഇ.എസ്.ഐ ഡിസ്പെൻസറിയിലും കാട് വെട്ടിത്തെളിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതനുസരിച്ച് ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നത് ശ്രീ.അനിൽകുമാർ.ബി, വെച്ചുപറമ്പിൽ വീട്, മൂലവട്ടം.പി.ഒ., കൊല്ലാട് ആണ്. **₹ 31,200/-** (₹ 27,000/- + ₹ 4,200/- = ₹ 31,200/-) (മുപ്പത്തിയൊന്നായിരത്തി ഇരുനൂറ് രൂപ മാത്രം) .

ടി പരിസരങ്ങളിൽ കാടുവെട്ടിത്തെളിക്കുന്നത് അത്യാവശ്യമായതിനാലും ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയിരിക്കുന്ന ശ്രീ.അനിൽകുമാറിന്റെ ക്വട്ടേഷൻ അംഗീകരിക്കാവുന്നതാണ് എന്ന് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ സർട്ടിഫൈ ചെയ്തിരിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ വടവാതൂർ ആശുപത്രി പരിസരവും കോട്ടയം ഡിസ്പെൻസറി പരിസരവും **31,200/-** രൂപ (മുപ്പത്തിയൊന്നായിരത്തി ഇരുനൂറ് രൂപ മാത്രം) നിരക്കിൽ കാട് വെട്ടിത്തെളിക്കുന്നതിന് ശ്രീ.അനിൽകുമാറിന് അനുമതി നല്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടി തുക നടപ്പു സാമ്പത്തിക വർഷത്തിലെ **"2210-01-102-95-~~19~~ 34 (PV)-ഇ.എസ്.ഐ പ്ലാൻ-2017-18"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**(ഒപ്പ്)**
**ഡോ.അജിത നായർ.ആർ,**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ് -

സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, വടവാതൂർ

പകർപ്പ്

1. എഫ് 1 സെക്ഷൻ
2. ശ്രീ.അനിൽകുമാർ.ബി, വെച്ചുപറമ്പിൽ വീട്, മൂലവട്ടം.പി.ഒ., കൊല്ലാട്
3. ഫയൽ/ സ്റ്റോക്ക് ഫയൽ

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

എസ്കെവി- 24.10.17